**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2600 13.03.2020-ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി**<br>**,, എം. രാജഗോപാലൻ**<br>**,, ആർ. രാജേഷ്**<br>**,, കെ. ദാസൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഇൻവെസ്റ്റിഗേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ;<br><br>(ബി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി എല്ലാ ജില്ലകളിലും പരിശോധന ലാബുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) & (ബി) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ റീജിയണൽ ലാബുകളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (സി) ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (സി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കോൺട്രാക്ടർമാർക്കും എക്സിക്യൂഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ആധുനിക പരിശോധന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലാബുകളിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം തൃപ്തികരമല്ലാത്ത പരിശോധനാഫലങ്ങൾ പി.ഡബ്ല്യൂ.ഡി വിജിലൻസ് വിഭാഗത്തിനെയും അതാത് എക്സിക്യൂഷൻ |

വിഭാഗത്തിനെയും അറിയിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള 2nd tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ